പ്പിക്കുന്നു. അന്തർദേശീയ തലത്തിൽ ചെറുകിട ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി സിഡ്കോയും കേ-ബിഷുമായി സഹകരിച്ച് അന്തർദേശീയ വ്യാപാരമേളകളിൽ ചെറുകിട വ്യവസായ യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നുണ്ട്. കൂടാതെ എസ്.എസ്.ഐ. ഉല്പന്നങ്ങൾക്ക് അന്തർ ദേശീയ വിപണി കണ്ടെത്തുന്നതിനായി ഐ.എൽ.ജി.എ. 2000 എന്ന പേരിൽ 22/1/2000 മുതൽ 6/2/2000 വരെ എറണാകുളത്ത് വിദേശ കമ്പനികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു പ്രദർശന വിപണന മേളയും സംഘടിപ്പിക്കുന്നുണ്ട്.

ചെറുകിട മേഖലയിൽ ഉല്പാദിപ്പിക്കുന്ന 20 ഉല്പന്നങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത ഏജൻസി ആയി സിഡ്കോയെ നിയമിച്ചിട്ടുണ്ട്. ഇതുമൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ടെൻഡറുകൾ ക്ഷണിക്കാതെ ചെറുകിട വ്യവസായ ഉല്പന്നങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിരിക്കുന്നു. അതിനാൽ ചെറുകിട ഉല്പന്നങ്ങൾ വൻതോതിൽ വിറ്റഴിക്കുന്നതിന് വ്യവസായികൾക്ക് കഴിയുന്നു. കൂടുതൽ ചെറുകിട ഉല്പന്നങ്ങളുടെ വിതരണം സിഡ്കോയെ ഏൽപ്പിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവയുടെ സഹകരണത്തോടെ നേരിട്ടുള്ള ഉപഭോക്തൃ ഉൽപ്പന്ന വിപണനത്തിനായി സിഡ്കോ ഒരു പുതിയ സംവിധാനത്തിനു രൂപം നൽകിയിട്ടുണ്ട്. 2000 ജനുവരിയിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന പ്രസ്തുത പദ്ധതിമൂലം കൺസ്യൂമർ ഉല്പന്നങ്ങളുടെ വിപണന സാദ്ധ്യത വർദ്ധിപ്പിക്കുന്നതോടൊപ്പം വനിതകളുടെ തൊഴിൽ സാദ്ധ്യതയും വർദ്ധിക്കുന്നതാണ്.

(സി) അസംസ്കൃത പദാർത്ഥങ്ങൾ ചെറുകിട യൂണിറ്റുകൾക്ക് ലഭ്യമാക്കുവാൻ ഇപ്പോൾത്തന്നെ സംവിധാനങ്ങൾ നിലവിലുണ്ട്. പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ഡി) ഏകദേശം 10,27,959 തൊഴിലാളികൾ ജോലി ചെയ്യുന്നതായി കണക്കാക്കുന്നു.

236 (1415) കെ.എസ്.ഡി.പി. നഷ്ടം നികത്തൽ

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ ഫോർമുലേഷൻ ഡിവിഷൻ ഉത്പാദിപ്പിക്കുന്ന മരുന്നുകൾ ആരോഗ്യ വകുപ്പിനു നൽകുന്നുണ്ടോ;

(സി) കഴിഞ്ഞ കാലങ്ങളിലായി ഇതു നൽകുന്നത് കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതുമൂലം കമ്പനിക്കു നേരിട്ടിട്ടുള്ള സാമ്പത്തിക നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഡി.പി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ ഗവണ്മെന്റ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

1) മരുന്നുകൾ വാങ്ങുന്നതിനായി 'പ്രൈസ് ഫറൻസ്' അനുവദിച്ചിട്ടുണ്ട്.

2) ഉല്പാദനം കൂടുന്നതിനായി നിലവിലുള്ള വർക്ക് നോംസ് പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) നവീകരണ പദ്ധതിക്കുവേണ്ടി 150 ലക്ഷം രൂപയും പ്രവർത്തന മൂലധനമായി 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

4) കമ്പനിയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി യു.എൻ.ഡി.പി. പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും കമ്പനിയുടെ സാമ്പത്തിക പരാധീനതയുമാണ് കാരണം.

(ഇ) അസംസ്കൃതവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് നഷ്ടം നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

237 (1416) 'കിൻഫ്ര'യുടെ സഹായത്തോടുകൂടിയുള്ള വ്യവസായ യൂണിറ്റുകൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിൻഫ്ര'യുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ഏതൊക്കെ വ്യവസായ യൂണിറ്റുകൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇപ്പോൾ കിൻഫ്ര ഏറ്റെടുത്ത് നടപ്പിലാക്കുന്ന വ്യവസായ യൂണിറ്റുകൾ ഏതെല്ലാമാണ്;

(സി) ഇതിൽ ഓരോന്നിന്റെയും മൂലധനം എത്രയാണ് എന്ന് അറിയിക്കുമോ;

(ഡി) 'കിൻഫ്ര' എം.ഡി.ക്ക് ഇപ്പോൾ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചാർജ്ജ് നൽകിയിട്ടുണ്ട്.

(ഇ) 'കിൻഫ്രയുടെ ശരിയായ നടത്തിപ്പിനുവേണ്ടി എം.ഡിക്ക് ഇപ്പോൾ നൽകിയിട്ടുള്ള അധികചാർജ്ജിൽ നിന്നും ഒഴിവാക്കുമോ;

(എഫ്) 'കിൻഫ്ര'യിൽ ഇപ്പോൾ ഏതെല്ലാം തസ്തികകളുണ്ട്; ഓരോ തസ്തികയിലേക്കുള്ള നിയമനവ്യവസ്ഥകൾ വെളിപ്പെടുത്തുമോ;

(ജി) 'കിൻഫ്ര'യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly